ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം വഞ്ചിയർ വില്ലേജിലെ 2638-ാം സർവേ നമ്പരിൽ 61 സെന്റ് റവന്യൂ പുറമ്പോക്ക് സ്ഥലത്താണ് ഇ.എം.എസ് പ്രതിമ സ്ഥാപിക്കുന്നത്.

(ബി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

28 (2329) അനാഥർക്ക് സംവരണം നൽകാൻ നടപടി

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനാഥാലയങ്ങളിലെ അന്തേവാസികളായിട്ടുള്ള വർക്ക് ഉദ്യോഗ നിയമനങ്ങളിൽ സംവരണമെന്തെങ്കിലും നിലവിലുണ്ടോ;

(ബി) അവരുടെ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്താറുണ്ടോ;

(സി) ഭൂരിഭാഗം അന്തേവാസികളുടെ കാര്യത്തിലും ജാതി അറിവില്ലാ ത്തതിനാൽ സർട്ടിഫിക്കറ്റുകളിൽ ആ കോളം പൂരിപ്പിക്കാറില്ലെന്ന കാര്യം അറിവുണ്ടോ;

(ഡി) ഇതുകാരണം ന്യായമായ സംവരണാനുകൂല്യംപോലും ഭൂരിഭാ ഗത്തിനും ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വികലാംഗർക്ക് നൽകുന്നതുപോലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉദ്യോഗ നിയമനങ്ങളിലും ഇവർക്കും ന്യായമായ സംവ രണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനാഥാലയങ്ങളിലെ കുട്ടികൾ മറ്റു വിധത്തിൽ യോഗ്യരാണെ ങ്കിൽ വയസ്സിളവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമന ത്തിന് മുൻഗണനയും നൽകുന്നുണ്ട്.

(ബി)&(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇത്തരം നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

29 (2330) ശ്രീ. കെ.എം. കണാരന് സ്വാതന്ത്ര്യസമര സേനാനി പെൻഷൻ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യസമര സേനാനി പെൻഷനുവേണ്ടി കോഴിക്കോട്, മേപ്പയൂർ, കാരയാട്, കുറ്റിക്കണ്ടിയിത്തൻ ശ്രീ. കെ.എം. കണാരന്റെ അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ അപേക്ഷ ലഭിച്ചിട്ടുള്ളത്;

(സി) ഈ അപേക്ഷയിൻമേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടു ള്ളത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly